പതിമൂന്നാം കേരള നിയമസഭ

- പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5239 06.02.2014-ൽ മറുപടിയ്ക്ക്

## പയ്യാമ്പലത്ത് ഹോക്കിതാരത്തിന് ഭൂമി നൽകാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 1972-ൽ നടന്ന മ്യൂണിക്ക് ഒളിംപിക്സിൽ ബ്രോൺസ് മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായ മാന്വൽ ഫെഡറിക് എന്ന കായികതാരത്തിന് കണ്ണൂർ പയ്യാമ്പലത്ത് 3 സെന്റ് ഭൂമി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പട്ടയം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയുമോ; | (എ) | ഉണ്ട്. ടി ഭൂമിയുടെ പട്ടയം ലഭ്യമാക്കിയിട്ടില്ല. |
| (ബി) | പതിച്ചു നൽകിയ ഭൂമിക്ക് അടുത്തായി സർക്കാർ വക ഭൂമി ഉണ്ടോയെന്നും എങ്കിൽ എത്രയാണെന്നും അറിയിക്കുമോ ; | (ബി) | ഉണ്ട്. 1.46 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി. |
| (സി) | പ്രസ്തുത കായിക താരത്തിന് കുറച്ചുകൂടി ഭൂമി പതിച്ചുനൽകാൻ സന്നദ്ധമാകുമോയെന്നും വീടുവെക്കാൻ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കുമോ ; | (സി) | പതിച്ചു നൽകിയ ഭൂമിയിൽ വീടു വെക്കുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇപ്പോൾ ബാംഗ്ലൂരിൽ ഹോക്കി പരിശീലകനായി പ്രവർത്തിക്കുന്ന കായികതാരത്തിന് കണ്ണൂരിൽ പരിശീലന പരിപാടി ആരംഭിക്കാൻ സഹായം നൽകാൻ കായികവകുപ്പ് തയ്യാറാകുമോ ? | (ഡി) | ഇതു സംബന്ധിച്ച് ശ്രീ.മാന്വൽ ഫെഡറിക്കിൽ നിന്നും സർക്കാരിന് അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ സ്പോർട്സ് കൗൺസിലിൽ ഒരു അപേക്ഷ ലഭിച്ചിട്ടുള്ളത് കൗൺസിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ